## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4046 24.06.2019-ൽ മറുപടിക്ക്

### പട്ടികവർഗ്ഗക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.കെ. രാജൻ**<br>**,, വി.ആർ. സുനിൽ കുമാർ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള കൃഷി ഭൂമിയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കി ഈ വിഭാഗക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗക്കാരുടെ കുടുംബങ്ങളിൽ ഒരാൾക്ക് തൊഴിൽ നൽകുക എന്നത് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപിത ലക്ഷ്യമാണ്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി പട്ടികവർഗ്ഗക്കാരുടേയും പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും നിയന്ത്രണത്തിലുള്ള കൃഷി ഭൂമിയിൽ കൃഷിയും അനുബന്ധപ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് 'പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായ കാർഷിക ഉദ്യമം' എന്ന പുതിയ പദ്ധതി 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗക്കാരുടേയും പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷിഭൂമി നിലവിലുണ്ട്. പ്രകൃതി വിഭവങ്ങളാൽ സമ്പന്നമായ പ്രദേശത്ത് കൃഷിയും, അനുബന്ധ പ്രവർത്തനങ്ങളും അവർക്കിടയിൽ പ്രാവർത്തികമാക്കിക്കൊണ്ട് സുസ്ഥിരമായ വരുമാനദായക സാധ്യതകൾ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. |
| ബി) | ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ കണ്ണൂർ ജില്ലയിൽ ആറളം ട്രൈബൽ റിഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷൻ ഏരിയ, വയനാട് ജില്ലയിൽ സുഗന്ധഗിരി, ചീങ്ങേരി പ്രദേശങ്ങളും, പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിലുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അട്ടപ്പാടി മേഖലയിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന 'മില്ലറ്റ് വില്ലേജ്' പദ്ധതി ഉൾപ്പെടാത്ത പ്രദേശങ്ങളിൽ കാർഷിക വികസനത്തിനായി പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കിവരുന്നു. കൂടാതെ ഇടുക്കി ജില്ലയിൽ കാർഷിക പ്രവർത്തനങ്ങൾ 'ഗോത്രരശ്മി' എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലും കാർഷിക പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി) | ഓരോ പ്രദേശത്തിന്റെയും കാർഷിക പാരിസ്ഥിതിക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണോ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; | സി) | പ്രാദേശിക മുൻഗണനയുടെയും ഓരോ സങ്കേതത്തിനും അനുയോജ്യമായ പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ തീരുമാനിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും കാർഷിക പാരിസ്ഥിതിക ഘടകങ്ങൾ സാഹചര്യങ്ങൾ കണക്കിലെടുത്തു കൊണ്ട് വിദഗ്ധരുടെ സഹായത്തോടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മാർഗങ്ങൾ വകുപ്പ് വികസിപ്പിക്കുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ഇതു വഴി സാധിക്കും. |
| ഡി) | വിവിധ വകുപ്പുകളുടെ സഹകരണവും വിദഗ്ധരുടെ ഉപദേശവും പ്രസ്തുത പദ്ധതി നടത്തിപ്പിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഡി) | സംസ്ഥാന ആസൂത്രണ ബോർഡിന്റെ സഹകരണത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. വകുപ്പ് തയ്യാറാക്കുന്ന കരട് പ്രോജക്റ്റ് ജില്ലാ കളക്ടർമാർ, വിവിധ വകുപ്പുകളെയും ഏജൻസികളെയും (കൃഷി വകുപ്പ്, മൃഗസംരക്ഷണം, ക്ഷീരവകുപ്പ്, ഫിഷറീസ്, ചെറുകിട ജലസേചനം, വനം, മറ്റ സർക്കാർ ഇതര ഏജൻസികൾ) ഉൾപ്പെടുത്തി സർവ്വകലാശാലകളിലെയും, റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷനിലെയും വിദഗ്ധരെയും ജനപ്രതിനിധികളെയും പങ്കെടുപ്പിച്ച് അവരുടെ ഉപദേശവും കൂടി ഉൾപ്പെടുത്തിയാണ് അന്തിമ പ്രോജക്റ്റ് തയ്യാറാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**